നം. സി.ഇ.ഇ/4050/2016/KEAM-2017/റ്റി.എ.1


കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001


## പത്രക്കുറിപ്പ്

## 2017 ലെ മെഡിക്കൽ/അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം:

## നീറ്റ് ഫലം സമർപ്പിക്കുന്നതിനുള്ള സമയം ദീർഘിപ്പിച്ചു

2017-18 അദ്ധ്യയന വർഷം സംസ്ഥാനത്തെ മുഴുവൻ എം.ബി.ബി.എസ്, ബി.ഡി.എസ് സീറ്റുകളിലെയും, ആയൂർവ്വേദം, ഹോമിയോപ്പതി, സിദ്ധ, യുനാനി എന്നീ മെഡിക്കൽ കോഴ്സുകളിലേയും, അഗ്രികൾച്ചർ, ഫോറസ്ട്രി, വെറ്ററിനറി, ഫിഷറീസ് എന്നീ അനുബന്ധ കോഴ്സുകളിലേയും പ്രവേശനം നീറ്റ് സ്കോറിന്റെ അടിസ്ഥാനത്തിൽ പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കുന്ന റാങ്ക് ലസ്റ്റിൽ നിന്നും ആയിരിക്കും. ഇതിനായി മെഡിക്കൽ/ അനുബന്ധ കോഴ്സുകളിലെ അപേക്ഷകർ അവരുടെ നീറ്റ് റാങ്ക് വിവരങ്ങൾ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈനായി സമർപ്പിക്കേണ്ടതുണ്ട്.

സി.ബി.എസ്.ഇ നടത്തിയ നീറ്റ് പരീക്ഷയിൽ സംസ്ഥാനത്തു നിന്നും യോഗ്യത നേടിയ വിദ്യാർത്ഥികളിൽ 43,000 പേർ മാത്രമാണ് ഇതിനോടകം നീറ്റ് ഫലം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈനായി സമർപ്പിച്ചിട്ടുള്ളത്. അപേക്ഷകർക്ക് മെഡിക്കൽ കോഴ്സുക ളിലെയും, അനുബന്ധ കോഴ്സുകളിലെയും പ്രവേശനത്തിനുള്ള സംസ്ഥാന റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെടുന്നതിനായി അവരുടെ നീറ്റ് പരീക്ഷാ ഫലം www.cee.kerala.gov.in എന്ന വെബ്സൈറ്റിലൂടെ സമർപ്പിക്കുന്നതിനുള്ള സമയം **2017 ജൂലൈ 8 വൈകുന്നേരം 5 മണി** വരെയായി ദീർഘിപ്പിച്ചു.

**നിശ്ചിത സമയത്തിനകം നീറ്റ് പരീക്ഷാ ഫലം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈനായി സമർപ്പിക്കാത്ത അപേക്ഷകരെ 2017–ലെ എം.ബി.ബി.എസ്, ബി.ഡി.എസ്, ആയൂർവ്വേദം, ഹോമിയോപ്പതി, സിദ്ധ, യുനാനി എന്നീ മെഡിക്കൽ കോഴ്സുകളിലേയ്ക്കും അഗ്രികൾച്ചർ, ഫോറസ്ട്രി, വെറ്ററിനറി, ഫിഷറീസ് എന്നീ അനുബന്ധ കോഴ്സുകളിലേ യ്ക്കുമുള്ള റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെടുത്തുന്നതല്ല.**

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
06.07.2017